"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- എറണാകുളം ജില്ല- ഉദയംപേരൂർ ഗ്രാമപഞ്ചായത്തിലെ പൊതുശ്മശാന നിർമ്മാണത്തിന് അധികമായി ചെലവു വന്ന 7,73,500/- രൂപ തനത് ഫണ്ടിൽ നിന്നും കോസ്റ്റ്ഫോർഡിന് നൽകുന്നതിന് ഉദയംപേരൂർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പ്**

സ.ഉ.(സാധാ) നം.747/2025/LSGD തീയതി,തിരുവനന്തപുരം, 21-03-2025

---

പരാമർശം:-

1. എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.09.2024 ലെ 142839/23/ഡിപിസി/ഡിപിഒ/ഇകെഎം/സിസി നമ്പർ കത്ത്
2. ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 30/10/2024 ലെ കത്ത്
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 30.01.2025 -ന് കൂടിയ യോഗത്തിലെ തീരുമാനം 4.54

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിലെ ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് 2019-20 സാമ്പത്തിക വർഷം 74.80 ലക്ഷം രൂപ വകയിരുത്തി കോസ്റ്റ് ഫോർഡിനെ നിർവ്വഹണ ഏജൻസിയായി ശ്മശാനം നിർമ്മിക്കാൻ പ്രോജക്ട് എടുത്തിരുന്നു. പാർട്ട് ബിൽ നൽകിരുന്നു. 2023-24 സാമ്പത്തിക വർഷം സ്പിൽഓവർ തുകയായി 46,98,625/- രൂപ പ്രോജക്ടിൽ വകയിരുത്തിയിരിക്കുന്നത് ചുവടെ കണ്ടാലും.

| | | | |
|---|---|---|---|
| പ്രോ.നം.200/24 | അടങ്കൽ | 46,98,625 രൂപ | |
| | | സംസ്ഥാന വിഹിതം | 1,00,000 രൂപ |
| | | തനത് ഫണ്ട് | 43,51,117 രൂപ |
| | | സംഭാവന | 2,47,508 രൂപ |
| പേര് | പൊതുശ്മശാന നിർമ്മാണം | | |

ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഫർണസ് സ്ഥാപിക്കുന്നതിന് 23,24,000/- രൂപയാണ് വകയിരുത്തിയിരുത്തിയിരുന്നെങ്കിലും മലിനീകരണ നിയന്ത്രണബോർഡും, ശുചിത്വ മിഷനും ഫർണസിന്റെ സ്പെസിഫിക്കേഷൻ പുതുക്കിയതനുസരിച്ച് ഫർണസിന്റെ എസ്റ്റിമേറ്റ് തുക 30,97,500 രൂപയായി. അതിനാൽ കരാർ വച്ചതിനെക്കാൾ അധികമായി 7,73,500 രൂപ കൂടി

കോസ്റ്റ് ഫോർഡിനു നൽകേണ്ടതുണ്ടെന്നും എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസർ പരാമർശം (1) പ്രകാരവും, ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (2) പ്രകാരവും ശിപാർശ ചെയ്യുകയുണ്ടായി.

ഇക്കാര്യം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 30.01.2025 -ന് കൂടിയ യോഗം പരിശോധിക്കുകയും പരാമർശം (3) ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെയും ശുചിത്വ മിഷന്റെയും പുതുക്കിയ സ്പെസിഫിക്കേഷൻ പ്രകാരം പൊതു ശ്മശാനത്തിന്റെ ഫർണസിന്റെ വില ഉയർന്നതെന്ന വസ്തുത കണക്കിലെടുത്ത് തനതു ഫണ്ട് മാത്രമേ ഉപയോഗിക്കാവൂ എന്നും ഫർണസിന്റെ വില സംബന്ധിച്ച രേഖകളും മറ്റും ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ച് ഉറപ്പുവരുത്തണമെന്നും ഉള്ള വ്യവസ്ഥയിൽ ഉദയംപേരൂർ ഗ്രാമപഞ്ചായത്തിലെ പൊതുശ്മശാന നിർമ്മാണത്തിന് അധികമായി ചെലവു വന്ന 7,73,500/- രൂപ
( ഏഴു ലക്ഷത്തി എഴുപത്തി മൂന്നായിരത്തി അഞ്ഞൂറ് രൂപ മാത്രം) ഉദയംപേരൂർ ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും കോസ്റ്റ്ഫോർഡിന് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, ഉദയംപേരൂർ ഗ്രാമപഞ്ചായത്ത്,എറണാകുളം ജില്ല
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഓഫീസർ, ഇൻഫർമേഷൻ കേരള മിഷൻ.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ & പി ആർ ഡി
കരുതൽ ഫയൽ (ഡി.ബി3/72/2025/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Smitha. L
Date: 21-03-2025 10:51:02